I/823586/2024

## ലേബർ കമ്മീഷണറുടെ നടപടിക്രമം

## [ഹാജർ : അർജ്ജുൻ പാണ്ഡ്യൻ ഐ.എ.എസ്]

വിഷയം: തൊഴിൽ വകുപ്പ് – ജീവനക്കാര്യം - അസിസ്റ്റന്റ് ലേബർ ഓഫീസർ ഗ്രേഡ്-1/ ഇൻസ്പെക്ടർ ഓഫ് പ്ലാന്റേഷൻസ് തസ്തികയിൽ താത്ക്കാലിക സ്ഥാനക്കയറ്റം നൽകി ഉത്തരവാകുന്നു.

സൂചന: 1) ലേബർ കമ്മീഷണറുടെ 17.04.2024 തീയതിയിലെ എൽ.സി.ഒ 1937/2024/ഇ(1) നമ്പർ ഉത്തരവ്

2) 1958-ലെ കേരള സ്റ്റേറ്റ് സബോർഡിനേറ്റ് സർവ്വീസസ് റൂൾസ് ചട്ടം 31(എ) (i)

3) സർക്കാരിൽ നിന്നുള്ള 20.05.2024 തീയതിയിലെ ഡി3/111/2024/തൊഴിൽ നമ്പർ കത്ത്

**ഉത്തരവ് നമ്പർ : എൽ സി ഒ 273/2023 (ഇ4) തിരുവനന്തപുരം, തീയതി :21-05-2024**

പത്തനാപുരം ഇൻസ്പെക്ടർ ഓഫ് പ്ലാന്റേഷൻ ശ്രീ. ബൈജു ബാബുവിന് വായന (1) പ്രകാരം ഡെപ്യൂട്ടി ലേബർ ഓഫീസർ തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം ലഭിച്ചതിനെ തുടർന്ന് ടിയാനെ വിടുതൽ ചെയ്തു വഴി തൊഴിൽ വകുപ്പിൽ അസിസ്റ്റന്റ് ലേബർ ഓഫീസർ ഗ്രേഡ്-1/ ഇൻസ്പെക്ടർ ഓഫ് പ്ലാന്റേഷൻ തസ്തികയിൽ ഒരു ഒഴിവ് നിലവിൽ വന്നിട്ടുണ്ട്.

കൊല്ലം ഒന്നാം സർക്കിൾ അസിസ്റ്റന്റ് ലേബർ ഓഫീസർ ശ്രീ. ശ്രീകുമാർ ആർ ആണ് നിലവിലെ സീനിയോരിറ്റിയുടെ അടിസ്ഥാനത്തിൽ ടി ഒഴിവിൽ സ്ഥാനക്കയറ്റത്തിനായി പരിഗണിക്കപ്പെടേണ്ടത്. ടി തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റത്തിനായുള്ള വകുപ്പുതല സ്ഥാനക്കയറ്റ കമ്മറ്റി ചേരുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെങ്കിലും ഡി.പി.സി കൂടി സെലക്റ്റ് ലിസ്റ്റ് ലഭ്യമാകുന്നതിലെ കാലതാമസം മുന്നിൽ കണ്ട്, ശ്രീ ശ്രീകുമാർ ആർ 31.05.2024 ന് സർവ്വീസിൽ നിന്നും വിരമിക്കുന്ന സാഹചര്യത്തിൽ, കേരള സ്റ്റേറ്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടം 1958 ഭാഗം II ചട്ടം 31(എ) (i) പ്രകാരം ടിയാന് താത്ക്കാലിക സ്ഥാനക്കയറ്റം നൽകുന്നതിന് സർക്കാരിൽ നിന്നും വായന (3) പ്രകാരം അനുമതി ലഭിച്ചിട്ടുണ്ട്

മേൽ സാഹചര്യത്തിൽ, കൊല്ലം ഒന്നാം സർക്കിൾ അസിസ്റ്റന്റ് ലേബർ ഓഫീസർ ഗ്രേഡ് 2 ശ്രീ ശ്രീകുമാർ ആർ ന് 1958-ലെ കേരള സ്റ്റേറ്റ് സബോർഡിനേറ്റ് സർവ്വീസ് റൂൾസ് ചട്ടം 31(എ) (i) പ്രകാരം 50200-105300/- രൂപ ശമ്പള സ്കെയിലിൽ അസിസ്റ്റന്റ് ലേബർ ഓഫീസർ ഗ്രേഡ്-1/പ്ലാന്റേഷൻ ഇൻസ്പെക്ടർ തസ്തികയിൽ ചുവടെ ചേർക്കും പ്രകാരം താത്ക്കാലിക സ്ഥാനക്കയറ്റം അനുവദിച്ച് ഉത്തരവാകുന്നു.

| സ്ഥാനക്കയറ്റം | | | |
|---|---|---|---|
| ക്രമ നമ്പർ | പേര്, തസ്തിക, നിലവിലെ ഓഫീസ് | സ്ഥാനക്കയറ്റം നൽകി നിയമിക്കുന്ന ഓഫീസ് | റിമാർക്സ് |
| 1 | ശ്രീ. ശ്രീകുമാർ ആർ, അസിസ്റ്റന്റ് ലേബർ ഓഫീസർ ഗ്രേഡ്-2, ഒന്നാം സർക്കിൾ, കൊല്ലം | ഇൻസ്പെക്ടർ ഓഫ് പ്ലാന്റേഷൻ, പത്തനാപുരം | ശ്രീ. ബൈജു ബാബു വിന് സ്ഥാനക്കയറ്റം ലഭിച്ചതിനെ തുടർന്ന് ഇൻസ്പെക്ടർ ഓഫ് പ്ലാന്റേഷൻ തസ്തികയിൽ നിന്നും വിടുതൽ ചെയ്തു വഴി ഉണ്ടായ ഒഴിവിലേക്ക് താത്ക്കാലിക സ്ഥാനക്കയറ്റം |

| | | | |
|---|---|---|---|
| | | | നൽകി നിയമിക്കുന്നു. |

ബന്ധപ്പെട്ട നിയന്ത്രണാധികാരികൾ ആവശ്യമായ ചുമതലാക്രമീകരണം നടത്തി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

Arjun Pandian IAS

LABOUR COMMISSIONER

ബന്ധപ്പെട്ട ജീവനക്കാർക്ക് (വെബ്സൈറ്റ് മുഖാന്തിരം)

പകർപ്പ്:-

1) അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
2) ലേബർ കമ്മീഷണറുടെ പി എ
3) അഡീഷണൽ ലേബർ കമ്മീഷണർ (ഇ, ഐ.ആർ & ഡബ്ല്യു)
4) റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണർ, കൊല്ലം
5) സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫിസർ
6) ചീഫ് ഇൻസ്പെക്ടർ ഓഫ് പ്ലാന്റേഷൻസ്, കോട്ടയം
7) ജോയിന്റ് ലേബർ കമ്മീഷണർ (പി)
8) ഡെപ്യൂട്ടി ലേബർ കമ്മീഷണർ (ആസ്ഥാനം)
8) ജില്ലാ ലേബർ ഓഫീസർ, കൊല്ലം
9) അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്
10) സീനിയർ സൂപ്രണ്ട് (ഇ)
11) വെബ്സൈറ്റ്
12) ഫയൽ/സ്റ്റോക്ക് ഫയൽ.

ഉത്തരവിൻപ്രകാരം,

സീനിയർ സൂപ്രണ്ട് (ഇ)